**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 395** **27-01-2026 - ൽ മറുപടിയ്ക്ക്**

**തെരുവ് നായ ആക്രമണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് തെരുവ് നായ ആക്രമണം മൂലം നിരവധി പേർക്ക് പരുക്ക് ഏൽക്കുകയും മരണപ്പെടുകയും ചെയ്യുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ തെരുവ് നായ്ക്കളുടെ പെരുകി വരുന്ന എണ്ണം നിയന്ത്രിക്കുന്നതിന് എന്തെല്ലാം പരിഹാര മാർഗ്ഗങ്ങളാണ് നടപ്പിലാക്കി വരുന്നത് എന്ന് വിശദമാക്കാമോ; | (എ) | **ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലവിൽ മൃഗസംരക്ഷണ വകുപ്പിന്റെ മൃഗാശുപത്രികൾ മുഖേന മൃഗങ്ങളിൽ പേവിഷ പ്രതിരോധ കുത്തിവയ്പുകൾ നടത്തി വരുന്നുണ്ട്. കൂടാതെ മൃഗസംരക്ഷണ വകുപ്പുമായി സഹകരിച്ച് തീവ്ര വാക്സിനേഷൻയജ്ഞം നടത്തി വരുന്നു. പേ വിഷബാധ നിയന്ത്രിക്കുന്നതിനായി വളർത്തു നായ്ക്കളെ വാക്സിനേറ്റ് ചെയ്യുന്നതിന് ഉടമകൾക്കും തെരുവു നായ്ക്കളെ വാക്സിനേറ്റ്ചെയ്യുന്നതിന് തദ്ദേശസ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്ഥാപനങ്ങൾ വാക്സിനേഷൻ ഡ്രൈവ് നടത്തിവരുന്നു. പൊതുജനങ്ങൾക്കായി 4100 ഓളം ബോധവൽക്കരണ ക്ലാസുകൾ നടത്തിയിട്ടുണ്ട്. മൃഗസംരക്ഷണ വകുപ്പുമായി സഹകരിച്ച് 20 ABC സെന്ററുകളിലൂടെ വന്ധ്യംകരണ ശസ്ത്രക്രിയയും, വാക്സിനേഷനും ഫലപ്രദമായി നടത്തി വരുന്നു, നിലവിലെ എ ബി സി സെന്ററുകൾ വിപുലീകരിക്കാനും, പുതിയ എ ബി സി സെന്ററുകൾ ആരംഭിക്കുന്നതിനായി മൃഗസംരക്ഷണ വകുപ്പുമായി ചർച്ച ചെയ്ത് നടപടികൾ സ്വീകരിച്ച് വരുന്നു. സംസ്ഥാനത്താദ്യമായി പോർട്ടബിൾ എ ബി സി യൂണിറ്റ് തിരുവനന്തപുരത്ത് നെടുമങ്ങാട് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്തെ 7 ജില്ലകളിൽ കൂടി പോർട്ടബിൾ എ ബി സി യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള ഫണ്ട് നടപ്പ സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. കൂടാതെ ഷെൽട്ടറുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികളും സ്വികരിച്ചുവരുന്നു.** |
| (ബി) | തെരുവ് നായ ആക്രമണത്തിന് ഇരയാകുന്നവരുടെ ചികിത്സാ ചെലവ് വഹിക്കുന്നത് സർക്കാർ ആണോ എന്ന് വ്യക്തമാക്കാമോ; എങ്കിൽ എത്ര രൂപ | (ബി) | **തെരുവുനായ ആക്രമണത്തിന് ഇരയാകുന്നവർക്കുള്ള നഷ്ടപരിഹാരത്തിനായി അപേക്ഷിക്കേണ്ടത് ഇതുവരെ ബഹു. ജസ്റ്റിസ് (റിട്ട) സിരി ജഗൻ കമ്മിറ്റി** |

| | | | |
|---|---|---|---|
| | ചികിത്സാ ചെലവ് ഇനത്തിൽ നൽകിയിട്ടുണ്ട് എന്ന് അറിയിക്കാമോ; നഷ്ടപരിഹാരമായി എത്ര രൂപ വിതരണം ചെയ്തിട്ടുണ്ട് എന്ന് വിശദമാക്കാമോ; | | **മുമ്പാകെയായിരുന്നു. ജസ്റ്റിസ് (റിട്ട) എസ്സ് സിരിജഗൻ കമ്മറ്റി നിശ്ചയിക്കുന്ന നഷ്ടപരിഹാര തുക ബന്ധപ്പെട്ട തദ്ദേശസ്ഥാപനങ്ങൾ ആണ് നൽകി വരുന്നത്. എന്നാൽ ബഹു. ഹൈക്കോടതിയുടെ W P(C) 41500/2024 ലെ 18.12.2024 നിർദ്ദേശ പ്രകാരം 8.8.2025 ലെ സ ഉ ( കെ) നം. 135/2025/ തസ്വഭവ പ്രകാരം സംസ്ഥാനത്ത് തെരുവുനായ ആക്രമണം മൂലം ഉണ്ടാകുന്ന അപകടങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നതിനായി ജില്ലാ ലീഗൽ സർവീസ് അതോറിറ്റി സെക്രട്ടറി ചെയർപേഴ്സൺ ആയി ജില്ലാതലത്തിൽ Stray Dog Victim Compensation Recommendation Committee (SDVCRC) രൂപീകരിച്ച് ഉത്തരവായിരുന്നു. തെരുവുനായ ആക്രമണത്തിന് ഇരയാകുന്നവർക്കുള്ള നഷ്ടപരിഹാരം നിലവിൽ Stray Dog Victim Compensation Recommendation Committee (SDVCRC) പരിശോധിക്കുകയും നഷ്ടപരിഹാരതുക തീരുമാനിക്കുകയും ചെയ്യുന്നു. ഈ നഷ്ടപരിഹാര തുക അതാത് ജില്ലകളിലെ തദ്ദേശ സ്ഥാപനങ്ങൾ ആണ് നൽകേണ്ടത്.തെരുവ് നായ ആക്രമണത്തിന് ഇരയാകുന്നവർക്ക് വാക്സിൻ, ഇമ്മ്യൂണോഗ്ലോബുലിൻ എന്നിവ സർക്കാർ ആശുപത്രികൾ മുഖേന സൗജന്യമായി നൽകുന്നുണ്ട്.** |
| (സി) | അനധികൃതമായി തെരുവോരങ്ങളിൽ പെരുകി വരുന്ന ഭക്ഷണശാലകൾ, അലക്ഷ്യമായി തള്ളുന്ന ഭക്ഷണാവശിഷ്ടങ്ങൾ തുടങ്ങിയവ തെരുവ് നായകളുടെ എണ്ണത്തിൽ ഭീമമായ വർദ്ധനവിനു കാരണമാകുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് തടയാൻ എന്തെല്ലാം പ്രതിരോധ മാർഗ്ഗങ്ങളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ; | (സി) | **ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തെരുവ് നായ്ക്കളുടെ എണ്ണം നിയന്ത്രിക്കുന്നതിന് മാലിന്യസംസ്കരണ സംവിധാനങ്ങളിൽ സുപ്രധാന നടപടികൾ സ്വീകരിച്ചുവരികയാണ്. പൊതുസ്ഥലത്ത് മാലിന്യം തള്ളുന്നത് തടയുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. ഭക്ഷ്യ മാലിന്യങ്ങളും അറവു മാലിന്യങ്ങളും അവയുടെ ഉറവിടത്തിൽ സംസ്കരിക്കുകയോ അംഗീകൃത ഏജൻസികൾക്ക് കൈമാറുകയോ ചെയ്യുന്നു. ഓൺ-സൈറ്റ് പ്രോസസ്സിംഗ് സാധ്യമല്ലെങ്കിൽ, ഉദാഹരണത്തിന്, ചിക്കൻ സ്റ്റോളിലെ മാലിന്യങ്ങൾ മൃഗങ്ങളുടെ തീറ്റയാക്കി മാറ്റുന്നു. പൊതുസ്ഥലങ്ങളിലും ജനവാസമില്ലാത്ത പ്രദേശങ്ങളിലും ഭക്ഷ്യ അറവു മാലിന്യങ്ങൾ വലിച്ചെറിയുന്നത് നിരുത്സാഹപ്പെടുത്തുന്നതിനായി തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ ഉത്തരവാദികളായ കക്ഷികൾക്ക് പിഴ ചുമത്തുന്നു. മാലിന്യ കുമ്പാരങ്ങൾക്ക് പിഴ ഈടാക്കുന്നതിലേക്ക് നയിക്കുന്ന വിവരങ്ങൾ നൽകുന്ന വ്യക്തികൾക്ക് പ്രതിഫലം നൽകുന്നത് പോലുള്ള നടപടികളും നടപ്പാക്കുന്നുണ്ട്. ഫലപ്രദമായ നിർവ്വഹണത്തിനായി, പ്രാദേശിക വിജിലൻസ് സ്ക്വാഡുകൾ,ഐ.വി.ഒ സ്ക്വാഡുകൾ, ജില്ലാതല എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ എന്നിവ സജീവമായി** |

| | | | |
|---|---|---|---|
| | | | **ഇടപെടുന്നു.അനധികൃതമായി വേസ്റ്റ് തള്ളു ന്നത് തടയുന്നതിന്റെ ഭാഗമായി അനധികൃത തട്ടുകടകൾ പെരുകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതും ആയത് തടയാൻ തദ്ദേശ സ്ഥാപനങ്ങൾ സ്ട്രീറ്റ് വെന്റിംഗ് ലൈസൻസ് ഏർപ്പെടുത്തിട്ടുള്ളതുമാണ്. അജൈവ മാലിന്യങ്ങൾ ഹരിതകർമ്മസേന ശേഖരിച്ചും ജൈവ മാലിന്യം കിച്ചൻ ബിൻ/ ഉറുമ്പ് മുഖേനയും തദ്ദേശസ്ഥാപനങ്ങൾ ഏർപ്പെടുത്തിയ ഏജൻസികൾ ശേഖരിച്ച് വരുന്നു. കൂടാതെ പൊതുജനങ്ങൾക്ക് ശല്യം ഉണ്ടാകാത്ത \|രീതിയിൽ തെരുവുനായ്ക്കൾക്ക് ഫീഡിംഗ് സംവിധാനം നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ച് വരുന്നു.** |
| (ഡി) | മനുഷ്യജീവന് ഭീഷണിയായ തെരുവ് നായ്ക്കളെ നിയന്ത്രിക്കുന്നതിന് നിയമ നിർമ്മാണം നടത്തുന്നത് ഉൾപ്പെടെയുള്ള പ്രതിരോധ മാർഗ്ഗങ്ങൾ നടത്താൻ തീരുമാനം എടുത്തിട്ടുണ്ടോ; വിശദമാക്കാമോ ? | (ഡി) | **സംസ്ഥാനത്തെ തെരുവ് നായ ആക്ര മണം ചെറുക്കുന്നതിനും തടയുന്നതിനും ഒരു സംസ്ഥാന നിയമത്തിന്റെ സാധ്യത പരിശോധിക്കുന്നതിന് ബഹു. തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബഹു. നിയമ വകുപ്പ് മന്ത്രിയുടെയും, ബഹു. മൃഗസംരക്ഷണ വകുപ്പ് മന്ത്രിയുടെയും സാന്നിദ്ധ്യത്തിൽ 27/8/2025 ൽ ഒരു ഉന്നതതല യോഗം ചേർന്നിരുന്നു. യോഗത്തിൽ തെരുവുനായ വിഷയത്തിൽ ഒരു നിയമം നിർമിക്കുന്നതിനുള്ള സാധ്യത പരിശോധിക്കുന്നതിന് തീരുമാനം എടുക്കുകയും ആയത് സർക്കാർ പരിശോധിച്ചുവരുകയും ചെയ്യുന്ന സാഹചര്യത്തിൽ, ബഹു. സുപ്രീംകോടതി WP(C) 5/2025 കേസ് സ്വമേധയാ എടുക്കുകയും രാജ്യത്തെ തെരുവുനായ വിഷയവുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന എല്ലാ കേസുകളും കോടതി ഏറ്റെടുക്കുകയും ചെയ്തിരുന്നു.** |

സെക്ഷൻ ഓഫീസർ